## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3915 — 15/12/2014 ൽ മറുപടിയ്ക്ക്

### ഫോറസ്റ്റർ ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി നിശ്ചയിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നടത്തിയ ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച ഉത്തരവിനെ തിരെ വനം വകുപ്പിലെ ഏതെങ്കിലും ജീവനക്കാർ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഏതെങ്കിലും ജീവനക്കാർ സീനിയോറിറ്റി പുന:സ്ഥാപിച്ച നടപടിയ്ക്കെതിരെ വനം വകുപ്പിൽ പരാതി നൽകിയിരുന്നോ എന്നും, നൽകിയിരുന്നെങ്കിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | (എ) ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച ഉത്തരവിനെതിരെ നിയമനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് രേഖകൾ ഈവകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നടത്തിയ ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ / ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സീനിയോറിറ്റി താൽക്കാലികമായി പുന:ക്രമീകരിച്ച ഉത്തരവുകൾക്കെതിരെ വനം വകുപ്പിൽ ലഭിച്ച പരാതികൾ/ അപ്പീൽ പരിശോധിച്ച് ചട്ടപ്രകാരം നിരസിക്കുകയും താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ചുകൊണ്ട് വകുപ്പ തലത്തിൽ പുറപ്പെടുവിച്ച ഉത്തരവിനെ തിരെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.പി.എസ്.ബോബികുമാർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

(................2)

(ബി) ശ്രീ.ബാബുരാജൻ പിള്ളയുടെ തസ്തികമാറ്റത്തെ തുടർന്നുള്ള സീനിയോറിറ്റി പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം എത്ര പേരാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും അതിൽ എന്തു മറുപടിയാണ് വകുപ്പുതലത്തിൽ നൽകിയിട്ടുള്ളതെന്നും പകർപ്പ് സഹിതം വ്യക്തമാക്കാമോ ;

(ബി) ശ്രീ.കെ.ബാബുരാജൻ പിള്ളയ്ക്ക് ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകിയതിനെത്തുടർന്ന് സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകിയതുമായി.ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ലഭിച്ച മൂന്ന് അപേക്ഷകർക്കു മറുപടി നൽകിയിട്ടുണ്ട് മറുപടികളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.

(സി) ശ്രീ.ബാബുരാജൻ പിള്ളയുടെ സർവ്വീസ് വിഷയവുമായി ബന്ധപ്പെട്ട് മുൻപ് ഏതെങ്കിലും കോടതി നടപടികൾ ഉണ്ടായിരുന്നോ എന്നും ഇതു സംബന്ധിച്ചുണ്ടായ കോടതി ഉത്തരവ് എന്തായിരുന്നുവെന്നും പകർപ്പു സഹിതം വ്യക്തമാക്കാമോ;

(സി) ശ്രീ.ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി നിർണ്ണയവുമായി ബന്ധപ്പെട്ട് ടിയാൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.നം.18153/1999, ഡബ്ല്യു.എ.നം.415/2006, ഡബ്ല്യു.പി.(സി) നം. 33820/2007, ഡബ്ല്യു.എ.നം.3003/2007 നമ്പർ കേസുകളിൽ യഥാക്രമം 09/12/2005, 16/3/2006, 16/11/2007, 01/02/2010 എന്നീ തീയതികളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(ഡി) ശ്രീ.ബാബുരാജൻ പിള്ളയ്ക്ക് സമാനമായി തസ്തിക മാറ്റവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ വകുപ്പുതലത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

(ഡി) ശ്രീ.കെ.ബാബുരാജൻ പിള്ളയ്ക്ക് സമാനമായി ഫോറസ്റ്റർ തസ്തികയിൽ തസ്തികമാറ്റം ലഭിച്ചവർ ഫോറസ്റ്റർ/ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ തസ്തികകളിലെ സീനിയോറിറ്റി പുന:ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളൊന്നും വകുപ്പിൽ നിലവിലില്ല.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.**